"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ഇടുക്കി ജില്ല - കരിങ്കുന്നം എസ്.എ.എച്ച്.എസ്.എസിലെ ശ്രീമതി. ജിബി ചാക്കോയുടെ നിയമനം - കോർപ്പറേറ്റ് മാനേജർ, കോട്ടയം അതിരൂപത സമർപ്പിച്ച റിവിഷൻ ഹർജി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.2647/2025/GEDN    തീയതി,തിരുവനന്തപുരം, 16-04-2025

---

പരാമർശം:-

1. കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സ്ക്കൂൾസ്, കോട്ടയം അതിരൂപത, തെള്ളകം, കോട്ടയം സമർപ്പിച്ച 29/8/2024 ലെ നമ്പർ 204/2024 കാറ്റഗറി 1 റിവിഷൻ ഹർജി.
2. ശ്രീമതി. ജിബി ചാക്കോ, എസ്.എ.എച്ച്.എസ്.എസ്, കരിങ്കുന്നം സമർപ്പിച്ച 27/8/2024 ലെ നിവേദനം.
3. തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/11/2024 ലെ DEOTDP/1469/2024-B6 നമ്പർ കത്ത്.
4. ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25/11/2024 ലെ DDEIDK/3427/2024-B4 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/11/2024 ലെ ഇസി2/11051/2024/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാരപരിധിയിലുള്ള കരിങ്കുന്നം എസ്.എ.എച്ച്.എസ്.എസിലെ ശ്രീമതി. ജിബി ചാക്കോയുടെ 15/7/2021 മുതലുള്ള എച്ച.എസ്.ടി (ഹിന്ദി) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനാംഗീകാരം റദ്ദ് ചെയ്തതിനെതിരെ കോർപ്പറേറ്റ് മാനേജർ സമർ പ്പിച്ച റിവിഷൻ ഹർജി 01/6/2024 ലെ സ.ഉ.(എം.എസ്)54/2024/പൊ.വി.വ പ്രകാരം സമർപ്പിച്ചിട്ടുള്ളതാകയാൽ, ബഹു.ഹൈക്കോടതിയുടെ നിർദ്ദേശത്തിന് വിധേയമായി ചുമതലപ്പെടുത്തിയ പ്രകാരം മാനേജർ, ജിബി ചാക്കോ എന്നിവരുടെ പ്രതിനിധികളേയും, ബന്ധപ്പെട്ട മറ്റു കക്ഷികളേയും വിദ്യാഭ്യാസ ഓഫീസർമാരെയും 26.11.2024 ൽ കേൾക്കുകയുണ്ടായി.

(2) മാനേജരുടെ വാദങ്ങൾ

ഉത്തരവ് നമ്പർ ബി6/51038/2023 തീയതി 17/01/2024 ഡി ഇ ഒ തൊടുപുഴ, ഉത്തരവ് നമ്പർ ഇസി2/ 235606/2022 തീയതി 11-12-2022 ഡിജിഇ, എന്നിവ പ്രകാരം ഇടുക്കി ജില്ലയിലെ തൊടുപുഴ വിദ്യാഭ്യാസ ജില്ലയിലെ St.Augustine's H.S.S. karimkunnam ത്തെ GIBY CHACKO -HST Hindi യുടെ സ്ഥാനക്കയറ്റം അംഗീകരിച്ചിരുന്നു.

1) ഉത്തരവ് നമ്പർ EC2/11051/2024/ ഡി.ജി.ഇ തീയതി : 15-06-2024 പ്രകാരം 15-07-2021 മുതൽ അംഗീകരിച്ച സ്ഥാന കയറ്റ നിയമനം 15-06-2024 ൽ റദ്ദ് ചെയ്തു. എന്നാൽ ആയതു നടപ്പാക്കുന്നതു സംബന്ധിച്ച് യാതൊരു മാർഗ്ഗ നിർദ്ദേശവും ലഭിച്ചിട്ടില്ല. 15-07-2021 മുതൽ ശ്രീമതി. ജിബി ചാക്കോയുടെ മാതൃ തസ്തികയിൽ ജോലി ചെയ്തു വരുന്ന അദ്ധ്യാപകരെ ഇതു ദോഷകരമായി ബാധിക്കും. അവരുടെ താത്പര്യം സംരക്ഷിക്കപെടണം. അവരെ കേൾക്കുകയുണ്ടായിട്ടില്ല.

ആയതിനാൽ ഡിജിഇ യുടെ നടപടി താഴെ ചേർക്കുന്നവയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ച് അംഗീകാര ഉത്തരവുകൾ നിലനിർത്തിയും, റദ്ദാക്കൽ ഉത്തരവ് മരവിപ്പിച്ചും ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

25-07-2012 ലെ G.O.(P)No.244/12/G.Edn ഉത്തരവ് തീയതിയിൽ, ടിയാരിക്ക് ഒരു പൂർണ അക്കാദമിക് വർഷം സർവ്വീസ് ഇല്ലെങ്കിലും ഒരു വർഷത്തിലധികം അപ്രൂവ്ഡ് സർവ്വീസ് ഉണ്ട്.

Claimants under Rule 51(A) and Rule 51(B) Chapter XIV A KER as on the<u>date of this GO</u> are exempted from acquiring K-TET. അടിവരയിട്ട ഭാഗം ശ്രദ്ധിച്ചാലും . അതായത് 25/07/12 ൽ ടിയാരിക്ക് G.O.(p)No. 244/12/G.Edn 25-07-2012 പ്രകാരം 51(എ) പദവി പരിഗണിച്ച് കെടെറ്റ് ഇളവിനു അർഹതയുണ്ട്. ഈ അർഹത നഷ്ടപ്പെടുകയോ, പരിമിതപ്പെടുത്തുകയോ ചെയ്യപ്പെട്ടില്ല.

27-01-2016 ലെ ബഹു. സുപ്രീം കോടതി വിധിയിലൂടെ പുനർനിയമന അവകാശം മാത്രമാണ് നഷ്ടപ്പെടുന്നത്. അത് ഇവിടെ ആവശ്യപ്പെടുന്നുമില്ല. കെ-ടെറ്റ് ഇളവിനുള്ള അർഹത നഷ്ടപ്പെടുന്നില്ല. അത് നഷ്ടപ്പെടും വിധം ഉത്തരവുകളോ, വിധിന്യായങ്ങളോ ഇല്ല.

പരിപത്രം നമ്പർ 1866829/ജെ3/18/പൊവിവ തീയതി 18-06-2018 ഇപ്രകാരമാണ്.

31-03-2012 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രമോഷനോ അനദ്ധ്യാപകർക്ക് നിയമാനുസൃത പ്രമോഷനോ തസ്തിക മാറ്റം വഴിയുള്ള നിയമനമോ ലഭിക്കുമ്പോൾ അവർ കെ-ടെറ്റ് പാസാകണമെന്ന് നിർബന്ധമില്ല. 31-03-2012 നു മുമ്പ് എയ്ഡഡ് സ്കൂൾ സർവ്വീസിൽ പ്രവേശിക്കണം എന്നല്ലാതെ റഗുലർ സർവ്വീസിൽ എന്നു പറയുന്നില്ല എന്നത് പ്രത്യേകം പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

മേൽ സർവ്വീസ് **KER Chapter XIV A Rule 61 Note (4)** പ്രകാരം ഇൻക്രിമെന്റിനും, **G.O(MS) 62/73 S.Edn dated 01-05-1973 para(viii)** പ്രകാരം ഗ്രേഡിനും, റഗുലർ സർവ്വീസ് പോലെ യോഗ്യമായതാണ്. അതായത് എല്ലാ സർവ്വീസ് ആനുകുല്യങ്ങൾക്കും പരിഗണിക്കപ്പെടുന്നതാണ്. **10-08-2018** വരെ പെൻഷനും പരിഗണിച്ചിരുന്നു. **25-07-2012** ൽ ടിയാൾക്ക് 51എ പദവി ഉള്ളതിനാലും, **31-03-2012** നുമുമ്പ് സർവ്വീസിൽ പ്രവേശിച്ചതിനാലും ടിയാൾക്ക് നൽകിയ ഇളവ് ശരിയാണ്.

**G.O.(p)No. 244/12/G.Edn dtd 25-07-2012** ഖണ്ഡിക **3** പ്രകാരം **2011-2012** ൽ അധിക തസ്തികയിൽ നിയമിതരായ ദിവസവേതനക്കാർക്ക് വരെ കെ-ടെറ്റ് ഇളവിനു അർഹതയുണ്ട്. എന്നിട്ടും ഒരു വർഷത്തിലധികം വെരിഫൈഡ് സേവനം ഉള്ള **51** എ അവകാശിയായ ടിയാരിക്ക് നൽകിയ കെടെറ്റ് ഇളവ് പിൻവലിക്കുന്നത് ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. പൊതു വിദ്യാഭ്യാസ (എസ് സി) വകുപ്പ് നം.**SC2/165/2021**/പൊവിവ തീയതി **15-01-2022** ൽ മാനേജർ പുതിയ നിയമനം നൽകുമ്പോൾ ഇളവ് നൽകുന്നതിനു **17-06-2005** നു മുൻപും ശേഷവും എന്നു നോക്കേണ്ടതില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്.

ടിയാൾ **01-06-2016** മുതൽ **LG PT Hindi** അധ്യാപികയാണ്. **01-06-2021** ൽ അഞ്ചു വർഷം പൂർത്തിയായി. ഫുൾടൈം ബെനഫിറ്റിനുള്ള അർഹത കൈവരിച്ചിട്ടുണ്ട്. **LGPT Hindi** ഫുൾടൈം ആയി തുടർന്നാൽ **HSA Hindi** യിലും, **LGPT Hindi** ഫുൾടൈമിലും സർക്കാർ പൂർണശമ്പളം നൽകേണ്ടിവരും. എന്നാൽ ടി.യാരിക്കു നൽകിയ ഇളവ് വഴിയുള്ള **HSA Hindi** നിലനിർത്തിയാൽ **HSA Hindi** യിൽ പൂർണശമ്പളവും **LGPT Hindi** യിൽ പാർട്ട്ടൈം ശമ്പളവും നൽകിയാൽ മതിയാകും. ടി.യാരിക്കു നൽകിയ കെ-ടെറ്റ് ഇളവ് പിൻവലിക്കുന്നത് സർക്കാരിനു അധിക ബാധ്യത സൃഷ്ടിക്കും.

ജിബി ചാക്കോയുടെ നൽകിയ ഇളവ് റദ്ദാക്കിയത് ബഹു. സുപ്രീംകോടതിയുടെയും, അതു നടപ്പാക്കാൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടേയും ലംഘനമാണ്.

**NB: State of Punjab V Rafiq Masih (2015)4 SCC 334,** പ്രകാരം ജീവനക്കാരന്റെ തെറ്റുകൊണ്ടല്ലാതെ അധികശമ്പളം നൽകാനിടയാകുന്ന സാഹചര്യങ്ങളിൽ വിരമിച്ച ജീവനക്കാർ, വിരമിക്കാൻ ഒരു വർഷം മാത്രം ബാക്കിയുള്ളവർ, ക്ളാസ് **3**, ക്ലാസ് **4** ജീവനക്കാർ, ആനുകൂല്യം നൽകി **5** വർഷം പിന്നിട്ടവർ തുടങ്ങി വിവിധ സാഹചര്യങ്ങളിൽ തിരിച്ചു എടുക്കുന്നത് അനുവദനീയമല്ല എന്ന് ബഹു. കോടതി വിധിച്ചിട്ടുള്ളതാണ്.

ഇതിനെതിരേ അപ്പീൽ സാദ്ധ്യതയില്ല എന്ന് അഡ്വക്കേറ്റ് ജനറൽ നിയമോപദേശവും നൽകിയതായും ഉള്ള വിവരം ചേർത്ത് **G.O.**

(Rt)No.1039/2024/G.EDN dated 06.02.2024, G.O.(Rt)No.1004/2024/G.Edn dated, 05-02-2024 എന്നിവ പ്രകാരം സർക്കാർ ശരിവച്ചിട്ടുണ്ട്.

ആയതിനാൽ സൂചന 2, 3 പ്രകാരം ടി. യാരിക്ക് നൽകിയ അംഗീകാരം അസ്ഥിരപ്പെടുത്തിയതു മനുഷത്വ രഹിതവും, ബഹു. കോടതി വിധി, സർക്കാർ ഉത്തരവുകളുടേയും ലംഘനവുമാണ്. ആയതിനാൽ സൂചന 2, 3 ഉത്തരവുകൾ നിലനിർത്തിയും, സൂചന 4 ഉത്തരവ് റദ്ദാക്കിയും ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

Circular No. 23323/J1/89/G.Edn dated 06/11/1989

2) Whether salary of a teacher who has been promoted from a lower post to 3 post carrying higher scale of pay, but approval of appointment is pending consequent on the objection filed by a rival claimant who also staked his clams for promotion to that post, can be paid salary at the lower post if he has approved service in the lower post; -

(i) The item mentioned in para 1

(a) above may be allowed by the Educational Officers.

(b) Whether appointment of the teacher who has been appointed in the consequential vacancy of the promote can be approved and salary paid:

(ii) The promote wil be counted aganst the higher post, but salary shall be paid only at the rate applicable to him in the lower post, till the dispute for promotion is settled. However, in respect of Headmasters in Minority Schools, the instructions given as per Government letter No.69434/J,/89/G.Edn. dated 26-10-1989 wil be followed.

(iii) The item mentioned in para 1 (b) above will be allowed. .

പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ് സ.ഉ.(സാധാ) നം.1718/2021/പൊ.വി.വ തിയതി 18-02-2021. ഇപ്രകാരമാണ്.

പ്രധാനാദ്ധ്യാപകന്റെ തസ്തികയിലേക്കുള്ള പ്രമോഷന് 2 അദ്ധ്യാപകർ തർക്കമുന്നയിച്ച കേസിൽ, 06.11.1989 ലെ സർക്കുലർ നം. 23323/J1/89/G.Edn dated 06/11/1989 പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ആയതു പ്രകാരം, സീനിയോറിറ്റി സംബന്ധിച്ച് 2 അവകാശികൾ തമ്മിൽ തർക്കമുണ്ടാകുമ്പോൾ രണ്ടിൽ ഒരാളുടെ പ്രമോഷൻ അംഗീകരിച്ചു നൽകിയാലും പ്രമോഷൻ നൽകപ്പെട്ട

തീയതി മുതൽ തന്നെ താഴെ തസ്തികയിൽ വ്യവസ്ഥാപിത ഒഴിവ് ഉണ്ടാകുന്നതിനാൽ ടി തസ്തികയിൽ നിയമിതരാവുന്നവർക്ക് ശമ്പളം നൽകാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ഓഫിസ് അറ്റന്റന്റ് തസ്തികയിലെ പ്രമോഷനു വേണ്ടിയുള്ള ജൂനിയർ - സീനിയർ തർക്കം സർക്കാർ പരിഗണനയിലായതിനാൽ റിട്ട് ഹർജി **28276/2019** മേലുള്ള അന്തിമ വിധിക്ക് വിധേയമായി ഹർജിക്കാരന്റെ ഫുൾടൈം തസ്തികയിലെ നിയമനത്തിന് **01.01.2018** മുതൽ അംഗീകാരം നൽകി ശമ്പളം അനുവദിച്ച് നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫിസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് എക്സിബിറ്റ് പി8 റിവിഷൻ ഹർജി തീർപ്പാക്കിയും അപ്രകാരം റിട്ട് ഹർജി നം **22381/20** മേലുള്ള പരാമർശം **(1)** വിധിന്യായം പാലിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ സൂചിപ്പിച്ച സർക്കാർ നിർദ്ദേശപ്രകാരം ശ്രീമതി. ജിബി ചാക്കോ യുടെ മാതൃ തസ്തികയായ കൂടല്ലൂർ സെന്റ് ജോസഫ്സ് യു പി സ്കൂളിൽ ജോലി ചെയ്തുവരുന്ന അധ്യാപകരെ ഉൾക്കൊള്ളണം.

സെന്റ് അഗസ്റ്റ്യൻ എച്ച്.എസ്എസിലെ കരിങ്കുന്നത്തെ സ്ഥാപിതമായ ഒഴിവിൽ തന്നെ ജിബി ചാക്കോയെ പുനക്രമീകരിക്കുകയോ, അംഗീകരിക്കുകയോ ചെയ്യും വരെ ലാവണം ക്രമീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**2019-20** വരെ നിയമിക്കപ്പെട്ടവർക്ക് കെ-ടെറ്റ് ഇല്ലെങ്കിലും സ.ഉ.(കൈ) നം.133/2024/പൊ.വി.വ തീയതി **05-11-2024** പ്രകാരം അടിയന്തിരമായി അംഗീകാരം നൽകാൻ നിർദ്ദേശം ഉണ്ട്.

**01-06-2012** മുതൽ **2019-20** അധ്യയന വർഷം വരെ കെ-ടെറ്റ് യോഗ്യത ഇല്ലാതെ നിയമിതരായ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും, നിശ്ചിത കാറ്റഗറിയിലുള്ള കെ-ടെറ്റ് യോഗ്യത നേടുന്നതിനുള്ള കാലാവധിയിൽ ഇളവ് നൽകി കൊണ്ട് പ്രത്യേക പരീക്ഷയുടെ ഫല പ്രഖ്യാപന തീയതി വരെ ദീർ ഘിപ്പിച്ചു നൽകുന്നു.

**2023** ഓഗസ്റ്റ് മാസത്തിലെ കെ-ടെറ്റ് പരീക്ഷയ്ക്കു ശേഷം നടത്തിയ കെ-ടെറ്റ് പരീക്ഷകളിൽ വിജയിച്ചവരെയും മേൽ സൂചിപ്പിച്ച ഇളവ് കാലയളവിനുള്ളിൽ നടത്തുന്ന പരീക്ഷകളിലൂടെ കെ -ടെറ്റ് യോഗ്യത ആർജിക്കുന്നവരെയും കെ.ഇ.ആർ അധ്യായം **XIVA** ചട്ടം **3** ൽ അനുശാസിക്കുന്ന തരത്തിൽ തന്നെ നിർദ്ദിഷ്ടയോഗ്യത ഉള്ളവരായി പരിഗണിച്ച് അവരുടെ നിയമന തീയതി മുതൽ കണക്കാക്കി, പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കേണ്ടതും, ഇൻക്രിമെന്റ് അനുവദിക്കേണ്ടതുമാണ്.

**KER CHAPTER XIV-A RULE 3**

**Initial appointment of qualified teachers shall be on probation. Provided that**

**for the purpose of this Rule qualified teachers in service on the date on which this Rule comes into force and have a satisfactory continuous service of not less than one year, who shall be deemed to have completed their probation.**

മേൽ സൂചിപ്പിച്ച സർക്കാർ നിർദ്ദേശപ്രകാരം ശ്രീമതി. ജിബി ചാക്കോയ്ക്കു കെ-ടെറ്റ് യോഗ്യത നേടുന്നതിനുള്ള കാലാവധിയിൽ ഇളവ് നൽകി കൊണ്ട് പ്രത്യേക പരീക്ഷയുടെ ഫല പ്രഖ്യാപന തീയതി വരെ തുടരാൻ അനുമതി നൽകണം. ആയതിനാൽ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ച് അംഗീകാര ഉത്തരവുകൾ നിലനിർത്തിയും, റദ്ദാക്കൽ ഉത്തരവ് മരവിപ്പിച്ചും ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

1. സ.ഉ.(കൈ) നം.133/2024/പൊ.വി.വ തീയതി 05-11-2024 പ്രകാരം കെ-ടെറ്റ് യോഗ്യത നേടുന്നതിനുള്ള കാലാവധി പ്രത്യേക പരീക്ഷയുടെ ഫല പ്രഖ്യാപന തീയതി വരെ ജിബി ചാക്കോ ക്ക് ദീർഘിപ്പിച്ചു നൽകുക..

2. Cirular No. 2323/J1/89/G.Edn dt 06-11-1989, പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ് സഉ(സാധാ) നം.1718/2021/പൊ.വി.വ തിയതി 18-02-2021 എന്നിവ പ്രകാരം consequential vacancy യിൽ St.Joseph's UPS Koodalloor ൽ നിയമിതരായ 1. RAHULDAS KR (15-07-2021 മുതൽ 31.05.2023 വരെ 2. YAMUNA VK 12.06.2023 മുതൽ 11.06.2024 വരെ 3. GOPIKA T.G (13.06.2024 മുതൽ തുടരുന്നു) എന്നിവർക്ക് അംഗീകാരം നൽകുക.

ഇക്കാര്യങ്ങളെ ഹിയറിംഗിൽ പങ്കെടുത്ത വിദ്യാഭ്യാസ ഓഫീസർമാരും സമ്മതിച്ചു. ആയതിനാൽ കഴിയുന്നത്ര വേഗം അനുകൂല ഉത്തരവ് നൽകണമെന്ന് അപേക്ഷിക്കുന്നു.

(3) ശ്രീമതി.ജിബി ചാക്കോയുടെ വാദങ്ങൾ

ഉത്തരവ് നമ്പർ B6/51038/2023 തീയതീ 17/01/2024/ DEO Thodupuzha ഉത്തരവ് നമ്പർ EC2/235606/2022 /DGE തീയതി 11/12/2022 എന്നിവ പ്രകാരം തൊടുപുഴ വിദ്യാഭ്യാസ ജില്ലയിലെ St.Augustine's H.S.S Karimkunnam ത്തെ എന്റെ (GIBY CHACKO) HST Hindi സ്ഥാനക്കയറ്റം അംഗീകരിച്ചിരിക്കുന്നു. എന്നാൽ ഉത്തരവ് നമ്പർ EC2/11051/2024/DGE തീയതി 16.06.2024 പ്രകാരം 15.07.2021 മുതൽ അംഗീകരിച്ച സ്ഥാനക്കയറ്റ നിയമനം 15/06/2024 ൽ റദ്ദു ചെയ്തു. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു മാർഗ്ഗ നിർദ്ദേശവും ലഭിച്ചിട്ടില്ല. ആയതിനാൽ ഞാൻ ഇപ്പോഴും HST Hindi ആയി തന്നെ ജോലി ചെയ്യുന്നു.

2012 മുതൽ 2019-20 അധ്യയന വർഷം വരെ കെ-ടെറ്റ് യോഗ്യത ഇല്ലാതെ നിയമിതരായ എയ്ഡഡ് സ്ക്കൂൾ അധ്യാപകർക്ക് നിശ്ചിത കാറ്റഗറിയിലുള്ള കെ-ടെറ്റ് യോഗ്യത നേടുന്നതിനുള്ള കാലാവധിയിൽ ഇളവ് നൽകികൊണ്ട് പ്രത്യേക

പരീക്ഷയുടെ ഫല പ്രഖ്യാപന തീയതി വരെ ദീർഘിപ്പിച്ച് നൽകുന്നുണ്ട്. ഈ സർക്കാർ നിർദ്ദേശ പ്രകാരം എനിക്ക് കെടെറ്റ് യോഗ്യത നേടുന്നതിനുള്ള കാലാവധിയിൽ ഇളവ് നൽകികൊണ്ട് ഫലപ്രഖ്യാപന തീയതി വരെ തുടരാൻ അനുമതി നൽകണമെന്നും റദ്ദാക്കൽ ഉത്തരവ് മരവിപ്പിക്കണമെന്നും അപേക്ഷിക്കുന്നു.

(4) ശ്രീ. രാഹുൽദാസ് കെ. ആർ, ശ്രീമതി. യമുന വി.കെ, ശ്രീമതി. ഗോപിക റ്റി.ജി എന്നിവരുടെ വാദങ്ങൾഃ

ശ്രീമതി.ജിബി ചാക്കോയുടെ മാതൃ തസ്തികയിൽ ജോലി ചെയ്തു വരുന്ന തങ്ങളുടെ നിയമനം ടിയാരിയുടെ നിയമനം അംഗീകരിക്കാത്ത പക്ഷം അത് ദോഷകരമായി തങ്ങളെ ബാധിക്കുമെന്നും തങ്ങൾക്ക് സാലറി കിട്ടുന്നില്ലെന്നും വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നു എന്നും ആയതിനാൽ **consequential vacancy St.Joseph's UPS Koodalloor** ൽ നിയമിതരായ തങ്ങൾക്ക് നിയമനാംഗീകാരം നൽകണമെന്നും അപേക്ഷിച്ചു .

(5) വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കോട്ടയം കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ പെറ്റീഷനിൽ പരാമർശിച്ചിരിക്കുന്ന ശ്രീമതി. ജിബി ചാക്കോയുടെ നിയമനാംഗീകാരം കെ-ടെറ്റ് യോഗ്യത നേടാത്തതിനാലും മറ്റ് കാരണങ്ങളാലും തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ആഫീസറും, ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചതിനെതിരെ മാനേജർ പൊതു വിദ്യാഭ്യസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ നൽകുകയും 25/07/2012 ലെ സ.ഉ(പി) 244/12/പൊ.വി.വ പ്രകാരം ചട്ടം 51എ അവകാശി എന്ന നിലയിൽ ടിയാരിക്ക് കെ-ടെറ്റ് നേടുന്നതിൽ 'ഇളവുണ്ട് എന്ന് പരാമർശിച്ചുകൊണ്ട് അപ്പീൽ അനുവദിച്ച് ഉത്തരവ് നം. ഇ.സി2/235606/2022 തീയതി 11/12/2022 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകിയിരുന്നു. ടി ഉത്തരവനുസരിച്ച് ഈ കാര്യാലയം ശ്രീമതി.ജിബി ചാക്കോയുടെ നിയമനം ബി6/51038/2023 തീയതി 17/01/2024 ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകി.

തുടർന്ന് പൊതു വിദ്യാഭ്യാസ ഡയക്ടർ ശ്രീമതി. ജിബി ചാക്കോയുടെ നിയമനം പുന.പരിശോധിക്കുകയും 2005 ലെ കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 7A(3) ലെ ഭേദഗതിയും ബഹു. സുപ്രിം കോടതി ഉത്തരവും പ്രകാരം ഒരു അക്കാദമിക വർഷത്തിൽ കുറവായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് 51എ അവകാശം ലഭ്യമല്ല, മേൽപറഞ്ഞ ചട്ട ദേദഗതിക്ക് മുമ്പ് ഒരു അക്കാദമിക വർഷത്തിൽ കുറഞ്ഞ കാലയളവിൽ നിയമിക്കപ്പെട്ട് 51എ അവകാശം നേടിയവർക്കും ഇത് ബാധകമാണ് എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്, എന്ന കാരണത്താൽ 2005 ന് മുമ്പ് ലഭ്യമായിരുന്നതും ഒരു അക്കാദമിക വർഷത്തിൽ കുറവായതുമായ അവധി ഒഴിവിലെ നിയമനാംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ

എച്ച് എസ് ടി (ഹിന്ദി) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ ശ്രീമതി. ജിബി ചാക്കോയ്ക്ക് കെ-ടെറ്റ് ഇളവ് അനുവദിക്കാവുന്നതല്ല എന്ന് പരാമർശിച്ച് കൊണ്ട് ഉത്തരവ് നം. ഇസി2/235606/2022 തീയതി 11/12/2022 പ്രകാരം ശ്രീമതി. ജിബി ചാക്കോയുടെ നിയമനാംഗീകാരം അനുവദിച്ച അപ്പിൽ ഉത്തരവും, ബി6/51038/2023 തീയതി 17/01/2024 പ്രകാരം ഈ കാര്യാലയം നൽകിയ നിയമനാംഗീകാരവും പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ ഇസി2/11051/2024/ഡി.ജി.ഇ തീയതി. 15/06/2024 പ്രകാരമുള്ള ഉത്തരവനുസരിച്ച് റദ്ദാക്കിയിട്ടുള്ളതാണ്. തുടർ നടപടികൾ സ്വീകരിക്കേണ്ടത് നിയമനാധികാരിയായ മാനേജരായതിനാൽ ടി ഉത്തരവ് 06/07/2024 ന് DEOTDP/582/2024-B നമ്പർ പുറത്തെഴുത്ത് കത്ത് മൂലം സ്കൂളിലേക്കും , മാനേജർക്കും അടിയന്തിര തുടർ നടപടികൾക്കായി ജില്ലാവിദ്യാഭ്യാസ ഓഫീസിൽ നിന്നും നൽകിയിട്ടുള്ളതാണ്. നിലവിലുള്ള ഉത്തരവുകൾ പ്രകാരം, നിയമനം നിരസിച്ച സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു എന്ന വിവരം അറിയിച്ചു കൊള്ളുന്നു.

(6) റിവിഷൻ ഹർജി, മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ, ഉത്തരവുകൾ, എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.01.2024 ലെ ഉത്തരവ് നമ്പർ ബി6/51038/2023, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 11/12/2022 ലെ ഉത്തരവ് നമ്പർ ഇസി2/ 235606/2022 എന്നിവ പ്രകാരം ഇടുക്കി ജില്ലയിലെ തൊടുപുഴ വിദ്യാഭ്യാസ ജില്ലയിലെ St.Augustine's H.S.S. karimkunnam ത്തെ GIBY CHACKO -HST Hindi യുടെ സ്ഥാനക്കയറ്റം അംഗീകരിച്ചിരുന്നു. എന്നാൽ ഉത്തരവ് നമ്പർ EC2/11051/2024/ ഡി.ജി.ഇ തീയതി 15-06-2024 പ്രകാരം 15-07-2021 മുതൽ അംഗീകരിച്ച സ്ഥാന കയറ്റ നിയമനം 15-06-2024ൽ റദ്ദ് ചെയ്തു. ആയതു നടപ്പാക്കുന്നതു സംബന്ധിച്ച് യാതൊരു മാർഗ്ഗ നിർദ്ദേശവും ലഭിച്ചിട്ടില്ല എന്നും 15-07-2021 മുതൽ ശ്രീമതി. ജിബി ചാക്കോയുടെ മാതൃ തസ്തികയിൽ ജോലി ചെയ്തു വരുന്ന അദ്ധ്യാപകരെ ഇതു ദോഷകരമായി ബാധിക്കുമെന്നും അവരുടെ താത്പര്യം സംരക്ഷിക്കപെടണം എന്നും അവരെ കേൾക്കുകയുണ്ടായിട്ടില്ല എന്നും ആയതിനാൽ ശ്രീമതി. ജിബി ചാക്കോയുടെ 15/07/2021 മുതലുള്ള എച്ച്.എസ്.ടി(ഹിന്ദി) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം റദ്ദ് ചെയ്തത് പുനപരിശോധിക്കണമെന്നാവശ്യപ്പെട്ടാണ് മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി പുനപരിശോധിച്ച് അംഗീകാര ഉത്തരവുകൾ നിലനിർത്തിയും റദ്ദാക്കൽ ഉത്തരവ് മരവിപ്പിച്ചും ഉത്തരവാകണമെന്നും ടി റിവിഷൻ ഹർജിയിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

ശ്രീമതി. ജിബി ചാക്കോ എൽ.ജി (ഹിന്ദി -പാർട്ട് ടൈം) തസ്തികയിൽ 22.10.2002 മുതൽ 19.12.2002 വരേയും, 04.07.2003 മുതൽ 03.09.2003 വരേയും, 15.07.2008 മുതൽ 30.09.2008 വരേയും കാലയളവിൽ ജോലി ചെയ്തതിനാൽ ടിയാൾ 2005 ന്

മുൻപുള്ള ചട്ടം 51എ അവകാശി ആയിരുന്നു. കൂടാതെ സ.ഉ (സാധാ) നം.58/2021/പൊ.വി.വ പ്രകാരം 31.03.2019 വരെ നിയമിതരായ അധ്യാപകർക്ക് കെ-ടെറ്റ് പാസ്സാകുന്നതിൽ ഇളവ് അനുവദിച്ചിരുന്നു. ആയതിനാൽ ടിയാളുടെ 01.06.2016 മുതൽ എൽ.ജി (ഹിന്ദി പാർട്ട് ടൈം) തസ്തികയിൽ നിയമനാംഗീകാരം നൽകിയിരുന്നു.

പിന്നീട് ടിയാളെ കരിങ്കുന്നം എസ്.എ.എച്ച്.എസ് ലെ സി. ലൂസി കുര്യന്റെ സ്ഥലം മാറ്റ ഒഴിവിൽ 15.07.2021 മുതൽ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. ടി നിയമനാംഗീകാരം തൊടുപുഴ ജില്ലാവിദ്യാഭ്യാസ ആഫീസർ നിരസിച്ചതിനെതിരെ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചു. സി. ലൂസി കര്യന്റെ സ്ഥലമാറ്റം അംഗീകരിച്ച ഉത്തരവ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഒഴിവിനു സ്ഥിരീകരണം ലഭ്യമല്ല. കുടാതെ എച്.എസ്.ടി തസ്തികയുടെ നിർബന്ധിത യോഗ്യതകളിൽ ഒന്നായ കെ-ടെറ്റ്3/തത്തുല്യ യോഗ്യതകൾ ടിയാരി നേടിയതായി കാണുന്നില്ല. ഇതിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പിൽ സമർപിച്ചു.

1) സി.ലിസി കുര്യന്റെ സ്ഥലമാറ്റം അംഗീകരിച്ചിട്ടുണ്ട്. 2) 25.7.2012 ലെ സഉ(പി) നം.244/12/പൊ.വി.വ പ്രകാരം അവകാശി എന്ന നിലയിൽ ടിയാരിക്ക് കെ-ടെറ്റ് നേടുന്നതിൽ ഇളവുണ്ട്, എന്നതിനാൽ ശ്രീമതി.ജിബി ചാക്കോയുടെ 15.07.2021 മുതലുള്ള നിയമനം പുനഃപരിശോധിക്കാൻ നിർദേശം നൽകി അപ്പിൽ തീർപ്പാക്കി ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ തൊടുപുഴ ജില്ലാവിദ്യാഭ്യാസ ഓഫീസർ ടി നിയമനം അംഗീകരിച്ച് നൽകി. കരിങ്കുന്നം എസ്.എ.എച്ച്.എസ് ലെ ശ്രീമതി. ജിബി ചാക്കോയുടെ 15.07.2021 മുതലുള്ള എച്ച്.എസ്.റ്റി (ഹിന്ദി) നിയമനം പുനപരിശോധിക്കാനാണ് ഉത്തരവ് നൽകിയതെങ്കിലും ടിയാരിക്ക് 51എ അവകാശം ഉണ്ടെന്ന് തെറ്റായി ഉത്തരവിൽ രേഖപ്പെടുത്തിയിരുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും സമാനമായ കേസിൽ സർക്കാരിൽ ഹിയറിംഗിൽ പങ്കെടുത്തപ്പോൾ മേൽ ഉത്തരവ് ഒരു കീഴ്‌വഴക്കമായി കണക്കാക്കി ഉത്തരവാകണമെന്ന് അപേക്ഷിച്ചെന്നും അതിനാൽ ഈ വിഷയത്തിൽ അഭിപ്രായം അറിയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി.ജിബി ചാക്കോ, മാനേജർ, ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ പ്രതിനിധി എന്നിവരെ നേരിൽ കേൾക്കുകയും ശ്രീമതി. ജിബി ചാക്കോയ്ക്ക് ടിയാരിയുടെ മുൻകാല പാർട്ട് ടൈം എൽ.ജി. ഹിന്ദി നിയമന കാലയളവുകൾ ടിയാരിക്ക് 51എ അവകാശം നൽകുന്നുണ്ടോ എന്ന് പരിശോധിച്ചു. 2005 ലെ കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 7എ (3) ലെ ഭേദഗതിയും ബഹു. സുപ്രീം കോടതി ഉത്തരവും പ്രകാരം ഒരു അക്കാദമിക

വർഷത്തിൽ കുറവായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് 51 എ അവകാശം ലഭ്യമല്ല. മേൽ പറഞ്ഞ ചട്ട ഭേദഗതിക്ക് മുൻപ് ഒരു അക്കാദമിക വർഷത്തിൽ കുറഞ്ഞ കാലയളവിൽ നിയമിക്കപ്പെട്ട് 51 എ അവകാശം നേടിയവർക്കും ഇത് ബാധകമാണ് എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 2005 നു മുൻപ് ലഭ്യമായിരുന്നതും ഒരു അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ അവധി ഒഴിവിലെ നിയമനാംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ കെ-ടെറ്റ് ഇളവു ലഭ്യമല്ല എന്നതിനാൽ ടിയാളുടെ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടർ റദ്ദ് ചെയ്തു.

25.07.2012 ലെ സ.ഉ(അച്ചടി) നം. 244/12/പൊ.വി.വ പ്രകാരം31.03.2012 നോ അതിന് മുൻപോ റഗുലർ ഒഴിവിൽ നിയമനം ലഭിച്ച അധ്യാപകർക്കാണ് കെ-ടെറ്റിൽ ഇളവ് അനുവദിച്ചിരുന്നത്. എന്നാൽ ശ്രീമതി. ജിബി ചാക്കോക്ക് 22.10.2002 മുതൽ 19.12.2002, 04.07.2003 മുതൽ 03.09.2003, 15.07.2008 മുതൽ 30.09.2008 എന്നീ കാലയളവിൽ അവധി ഒഴിവിലാണ് നിയമനാംഗീകാരം ലഭിച്ചത്. ആയതിനാൽ ശ്രീമതി. ജിബി ചാക്കോക്ക് 25.07.2012 ലെ ഉത്തരവ് പ്രകാരമുള്ള ഇളവിന് അർഹതയില്ല.

2005 ലെ കെ.ഇ.ആർ അധ്യായം XIV A ചട്ടം 7എ (3) ലെ ഭേദഗതിയും ബഹു. സുപ്രീം കോടതി ഉത്തരവും പ്രകാരം ഒരു അക്കാദമിക വർഷത്തിൽ കുറവായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് 51 എ അവകാശം ലഭ്യമല്ല. മേൽ പറഞ്ഞ ചട്ട ഭേദഗതിക്ക് മുൻപ് ഒരു അക്കാദമിക വർഷത്തിൽ കുറഞ്ഞ കാലയളവിൽ നിയമിക്കപ്പെട്ട് 51എ അവകാശം നേടിയവർക്കും ഇത് ബാധകമാണ് എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി.ജിബി ചാക്കോയ്ക്ക് ടിയാരിയുടെ മുൻകാല പാർട്ട് ടൈം എൽ.ജി.ഹിന്ദി നിയമന കാലയളവുകൾ ടിയാരിക്ക് 51എ അവകാശം നേടിക്കൊടുക്കുന്നില്ല.

25/7/2012 ലെ സ.ഉ.(അച്ചടി)നം. 244/12/പൊ.വി.വ പ്രകാരം 31.3.12 നോ അതിന് മുമ്പോ റഗുലർ ഒഴിവിൽ നിയമനം ലഭിച്ച അധ്യാപകർക്കാണ് കെ-ടെറ്റിൽ ഇളവ് അനുവദിക്കുന്നത്. എന്നാൽ ശ്രീമതി. ജിബി ചാക്കോയ്ക്ക് 22.10.2002 മുതൽ 19.12.2002, 04/7/2003 മുതൽ3/9/2003, 15/7/2008 മുതൽ30/9/2008 എന്നീ കാലയളവിൽ അവധി ഒഴിവിലാണ് നിയമനാംഗീകാരം ലഭിച്ചത്. ആയതിനാൽ ടിയാൾക്ക് 25/7/2012 ലെ ഉത്തരവ് പ്രകാരമുള്ള ഇളവിന് അർഹതയില്ല. 2005-ന് മുമ്പു ലഭ്യമായിരുന്നതും ഒരു അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ അവധി ഒഴിവിലെ നിയമനാംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ കെ-ടെറ്റ് ഇളവു ലഭ്യമല്ല എന്നതിനാൽ ടിയാളുടെ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമനം പൊതു വിദ്യാഭ്യാസ ഡയറക്ടർ റദ്ദ് ചെയ്ത നടപടി ക്രമ പ്രകാരമാണ്.

ശ്രീമതി. ജിബി ചാക്കോയ്ക്ക് 25/7/2012 ലെ സ.ഉ(അച്ചടി)നം.244/12/G.Edn പ്രകാരം റഗുലർ ഒഴിവിൽ നിയമനം ലഭിച്ചിട്ടില്ല. 01/6/2012 മുതൽ 2019-20 അധ്യയന വർഷം വരെ കെ-ടെറ്റ് യോഗ്യത ഇല്ലാതെ നിയമിതരായവർക്കാണ് 2025 ൽ ഒരു പരീക്ഷ കൂടി നടത്തി അധ്യാപക യോഗ്യത തീരുമാനിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.സി.2/11051/2024/ഡി.ജി.ഇ തീയതി 15-06-2024 ലെ നടപടി ക്രമപ്രകാരമായതിനാൽ, പ്രസ്തുത നടപടി പുനപരിശോധിച്ച് അംഗീകാര ഉത്തരവുകൾ നിലനിർത്തിയും റദ്ദാക്കൽ ഉത്തരവ് മരവിപ്പിച്ചും ഉത്തരവാകണമെന്ന പുന.പരിശോധനാ ഹർജിയിലെ ആവശ്യം നിരസിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്‌ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-14
വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി, തൊടുപുഴ പി ഒ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൊടുപുഴ
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സ്‌ക്കൂൾസ്, കോട്ടയം അതിരൂപത, ചൈതന്യ പാസ്റ്ററൽ സെന്റർ, തെള്ളകം, കോട്ടയം - 686630
ശ്രീമതി. ജിബി ചാക്കോ, എച് എസ് ടി (ഹിന്ദി), സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്, കരിങ്കുന്നം, ഇടുക്കി ജില്ല
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
സെക്ഷൻ ഓഫീസർ
Date: 22-04-2025 14:47:38